**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്- 2007-08, 2008-09 വർഷങ്ങളിലെ സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളായ 3(14), 3(6) എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ തുകകൾക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 924/2020/തസ്വഭവ. തിരുവനന്തപുരം തീയതി.20.05.2020.

---

പരാമർശം:- 1) പാലക്കാട് ജില്ലയിലെ കിഴക്കേഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.03.2015, 01.04.2015 തീയതികളിലെ എ 1-4919/14 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 11.05.2015 ലെ എം3-13460/15 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 04.04.2016 ലെ കെ.എസ്.എ. 7577/പി.റ്റി.2/15 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2007-08 വർഷത്തിൽ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് നടത്തിയ ഓഡിറ്റ് പരിശോധനയിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 പ്രകാരം 3,83,310/- (മൂന്ന് ലക്ഷത്തി എൺപത്തി മൂന്നായിരത്തി മുന്നൂറ്റി പത്ത് രൂപ മാത്രം) രൂപയും 2008-09 വർഷത്തിൽ നടത്തിയ ഓഡിറ്റ് പരിശോധനയിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം 13,019/- (പതിമൂന്നായിരത്തി പത്തൊൻപത് രൂപ മാത്രം) രൂപ, 71,750 (എഴുപത്തി ഒന്നായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) രൂപ എന്നീ തുകകളും തടസ്സപ്പെടുത്തിയിരുന്നു. സമഗ്ര തെങ്ങുകൃഷി വികസനം പദ്ധതിയിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് നിർവ്വഹണം നടത്തിയതിലൂടെ ചെലവഴിച്ച 3,83,310 രൂപ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 പ്രകാരവും കുടിവെള്ള പദ്ധതികൾ സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ മുഴുവൻ തുകയും വിനിയോഗിക്കാത്തതിനാൽ 13,019/- രൂപ, 11-ാം പദ്ധതി വികേന്ദ്രീകൃതാസൂത്രണം മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കുടിവെള്ള പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളിൽ നിന്നും വിഹിതം ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം വന്ന 71,750/- രൂപ എന്നീ തുകകൾ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരവും ആണ് ഓഡിറ്റ് വകുപ്പ് നിരാകരിച്ചിരുന്നത്. ഓഡിറ്റ് വകുപ്പിന്റെ തടസ്സപ്പെടുത്തലിനെ തുടർന്ന് കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 1.03.2015, 01.04.2015 തീയതികളിലെ എ 1-49/19/14 നമ്പർ കത്തുകൾ മുഖേന ടി തടസ്സപ്പെടുത്തലുകൾക്ക് സാധൂകരണാപേക്ഷ ഉചിതമാർഗ്ഗേന സർക്കാരിലേയ്ക്ക് പരാമർശം (1) മുഖേന സമർപ്പിക്കുകയും ആയതിൻമേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം(2) മുഖേന അനുകൂല ശിപാർശ രേഖപ്പെടുത്തി സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി. സർക്കാർ ആയതിൻമേൽ ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും പരാമർശം (3) പ്രകാരം ഓഡിറ്റ് ഡയറക്ടർ സാധൂകരണം സംബന്ധിച്ച വിഷയത്തിൽ സർക്കാരിൽ അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**2.** ഈ വിഷയം സംബന്ധിച്ച് 04.08.2017 ലെ സർക്കാർ കത്തിൽ ആവശ്യപ്പെട്ടതിൻ പ്രകാരം സമഗ്ര തെങ്ങുകൃഷി വികസന പദ്ധതിക്കായി ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളുടെ പട്ടിക 2017 ഒക്ടോബർ മാസത്തെ ഗ്രാമസഭകളിൽ വച്ച് സാധൂകരണം വാങ്ങിയതായും ടി വിവരം സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറെ 21.02.2018 തീയതി കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്നും കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൂടാതെ 2008-09 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 സംബന്ധിച്ച്,

കർഷകരും കർഷക തൊഴിലാളികളും വളരെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിലും പട്ടികജാതി വിഭാഗത്തിൽ പെട്ടവർ താമസിക്കുന്ന പ്രദേശങ്ങളിലുമാണ് പദ്ധതി വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കിയതെന്നും ഗുണഭോക്തൃ വിഹിതം കണ്ടെത്തുന്നതിന് കഴിയാത്ത സാഹചര്യമായിരുന്നു എന്നുമുള്ള പഞ്ചായത്ത് തീരുമാനവും ലഭിച്ചിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സമഗ്ര തെങ്ങ്കൃഷി വികസന പദ്ധതിക്കായി ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളുടെ പട്ടിക ഗ്രാമസഭയിൽ വെച്ച് സാധൂകരണം വാങ്ങിയതിന്റെയും പഞ്ചായത്ത് സമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ 2007-08 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 3,83,310/- (മൂന്ന് ലക്ഷത്തി എൺപത്തി മൂന്നായിരത്തി മുന്നൂറ്റി പത്ത് രൂപ മാത്രം) രൂപയും, വളരെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളായതിനാലാണ് കുടിവെള്ള പദ്ധതി വാട്ടർ അതോറിറ്റി മുഖാന്തരം നടപ്പിലാക്കിയതെന്നും ഗുണഭോക്തൃവിഹിതം കണ്ടെത്തുന്നതിന് കഴിയാത്ത സാഹചര്യമായിരുന്നു എന്നുമുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ 2008-09 വർഷത്തെ സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 13,019/- (പതിമൂന്നായിരത്തി പത്തൊൻപത് രൂപ മാത്രം) രൂപ, 71,750/- (എഴുപത്തി ഒന്നായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) രൂപ എന്നീ തുകകൾക്കും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**